അബൂസ്വാലിഹ

## അൽബദ്റിന് വിലക്ക്

**ഇസ്‌ലാമിക** വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന *അൽബദ്ർ* ചാനലിന് നൈൽസാറ്റ് ഉപഗ്രഹ കമ്പനി വിലക്കേർപ്പെടുത്തി. ചട്ടങ്ങൾ ലംഘിച്ചതിനാൽ എന്നാണ് അധികൃതർ കാരണമായി പറയുന്നത്. യഥാർഥ കാരണം വേറെയാണ്. അൽബദ്ർ സംപ്രേഷണം ചെയ്ത ഒരു പരിപാടിയിൽ



ഈജിപ്തിലെ കോപ്റ്റിക് ക്രിസ്ത്യൻ സഭയെ ചില മുസ്‌ലിം പണ്ഡിതന്മാർ വിമർശിച്ചതാണ് ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുള്ള നൈൽസാറ്റിനെ പ്രകോപിപ്പിച്ചത്. കോപ്റ്റിക് ചർച്ചിലെ രണ്ടാമത്തെ വലിയ പുരോഹിതൻ ഖുർആന്റെ സത്യതയിൽ തനിക്ക് സംശയമുണ്ടെന്ന് പറഞ്ഞിരുന്നു. മറ്റൊരു ചർച്ച് വക്താവ് വാദിച്ചത്, മൂന്നാം ഖലീഫ ഉസ്മാനുബ്നു അഫ്ഫാൻ നബിയുടെ മരണശേഷം കുറെ സൂക്തങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും അങ്ങനെയാണ് ക്രൈസ്തവ വിരുദ്ധ പരാമർശങ്ങൾ ഖുർആനിൽ ഇടം പിടിച്ചത് എന്നുമാണ്! തീർത്തും സത്യവിരുദ്ധമായ ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചവർക്ക് പ്രശ്നമൊന്നുമില്ല. ആ ആരോപണങ്ങളെ ചോദ്യം ചെയ്ത ചാനൽ പൂട്ടിക്കുകയും ചെയ്തു!

2007-ലാണ് കയ്റോവിൽനിന്ന് അൽബദ്ർ ചാനൽ സംപ്രേഷണം തുടങ്ങിയത്. ജോർദാൻകാരൻ നബീൽ ബദ്ർ, ഈജിപ്തുകാരൻ മുഹമ്മദ് മുഖ്ബിൽ എന്നിവരാണ് ഇതിന്റെ ഉടമകൾ.

## രാഷ്ട്ര സുരക്ഷക്ക് ശരീരം വിൽക്കാം

**'ഇസ്രയേലിന്റെ** സുരക്ഷയെ ബാധിക്കുന്ന നിർണായക വിവരങ്ങൾ ലഭിക്കുന്നതിന് ശത്രുവുമായി കിടക്കറ പങ്കിടേണ്ടി വരികയാണെങ്കിൽ, ജൂത വനിതകൾക്ക് അങ്ങനെ ചെയ്യാം. ജൂത മതനിയമപ്രകാരം തന്നെ അത് അനുവദനീയമാണ്.' പ്രമുഖ തോറാ പണ്ഡിതൻ ലാറി ലിപ്സിന്റേതാണ് ഈ അഭിപ്രായം. 'രാഷ്ട്ര സുരക്ഷക്ക് അവിഹിത ലൈംഗികത' എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിയ ലേഖനത്തെ ഉദ്ധരിച്ച് ഹീബ്രു പത്രമായ *യദിയോത്ത് അഹ്റനോത്ത്* ആണ് ഇത് റിപ്പോർട്ട് ചെയ്തത്. പൗരാണിക കാലത്തെ ഉഗ്യൻ (Ugyen) വനിതാ പോരാളികൾ ശത്രുവുമായി കിടക്കറ പങ്കിടുകയെന്ന യുദ്ധതന്ത്രം പയറ്റിയിരുന്നുവെന്ന് തോറ ഉദ്ധരിച്ച് അദ്ദേഹം വാദിച്ചുറപ്പിക്കുന്നു.

ഇനി ഇസ്രയേലിനെ തകർക്കാൻ ഇറങ്ങിപ്പുറപ്പെട്ട 'ഭീകരന്മാരെ' വിവാഹം കഴിക്കേണ്ടിവന്നാലോ? അതിനും ലാറി ലിപ്സിന് മറുപടിയുണ്ട്. ജൂതസ്ത്രീ ആദ്യം ഒറിജിനൽ ഭർത്താവിനെ മൊഴി ചൊല്ലുക, എന്നിട്ട് ഭീകരനെ വേൾക്കുക!

## സാഞ്ചേസ് ഔട്ട്!

**റിക്** സാഞ്ചേസ് ജനിച്ചത് ക്യൂബയിൽ; വളർന്നത് അമേരിക്കയിലെ മിയാമിയിൽ. സി.എൻ.എൻ ചാനലിലെ പ്രശസ്തനായ അവതാരകൻ. ഇദ്ദേഹത്തെയാണ് ചാനൽ മേധാവികൾ കഴിഞ്ഞ മാസം നിർദാക്ഷിണ്യം ചവിട്ടിപ്പുറത്താക്കിയത്. സഹപ്രവർത്തകനും ജൂതവംശജനുമായ ജോൺ സ്റ്റിവർട്ടിനെ 'തീവ്രവാദി' എന്ന് വിളിച്ചാക്ഷേപിച്ചതാണ് കുറ്റം.




ഇത്തരക്കാരാണ് അമേരിക്കൻ മീഡിയയെ നിയന്ത്രിക്കുന്നതെന്നും ക്യൂബൻ വംശജനായ തന്നെപ്പോലുള്ളവർക്ക് രണ്ടാം പന്തിയിലാണ് സ്ഥാനമെന്നും ഒരു റേഡിയോ അഭിമുഖത്തിൽ സാഞ്ചേസ് തുറന്നടിച്ചിരുന്നു. വലതുപക്ഷക്കാരിൽ മാത്രമല്ല ലിബറലുകളിലും വംശീയ ചിന്ത വ്യാപകമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കാരണം കാണിക്കൽ നോട്ടീസ് പോലും കൊടുക്കാതെ സി.എൻ.എൻ കക്ഷിയെ പുറത്തെറിയുകയും ചെയ്തു. അമേരിക്കൻ മീഡിയ അടക്കിവാഴുന്ന സയണിസ്റ്റ് ലോബിയെ തൊട്ടാൽ ഇതുപോലിരിക്കും.

## സ്വഹാബികളെയും നബിപത്നിമാരെയും ചീത്ത പറയരുതെന്ന് അലി ഖാംനഇ

**യാസിർ** ഹബീബ് എന്ന ശീഈ പക്ഷപാതി (ഇയാൾ കുവൈത്ത് വംശജനാണ്) ലണ്ടനിൽ ഒരു ആഘോഷം സംഘടിപ്പിച്ചു. നബിപത്നി ഹസ്രത്ത് ആഇശ(റ)യെ ചീത്ത പറഞ്ഞുകൊണ്ടുള്ള പരിപാടികളായിരുന്നു ആഘോഷത്തിലുണ്ടായിരുന്നത്. അതിന്റെ വീഡിയോ ചിത്രങ്ങൾ ഇന്റർനെറ്റിലൂടെ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. ഇതിനെതിരെ മുസ്‌ലിം (സുന്നി) പണ്ഡിതന്മാർ ശക്തമായി രംഗത്തുവന്നു. ഇതേക്കുറിച്ച് പ്രതികരിക്കണമെന്ന് അവർ ഇറാനിലെ

പരമോന്നത ആധ്യാത്മിക നേതാവായ ആയത്തുല്ല അലി ഖാംനഇയോട് ആവശ്യപ്പെട്ടു. ഇറാനിലെ 'മഹർ' ന്യൂസ് ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ, പ്രവാചകന്മാരുടെ പത്നിമാരെ പ്രത്യേകിച്ച് അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യുടെ പത്നിമാരെ അവമതിക്കുന്നത് നിഷിദ്ധമാണെന്ന് അദ്ദേഹം ഫത്‌വ നല്കി. "നമ്മുടെ സുന്നി സഹോദരന്മാരുടെ ചരിത്ര പുരുഷന്മാരെയും നാം അവഹേളിക്കരുത്."




■ *അലി ഖാംനഇ*

മുസ്‌ലിം സമൂഹത്തിന്റെ പൊതുശത്രു അവരുടെ ഭൂമിയും സമ്പത്തും കൈയടക്കാൻ ഒരുങ്ങിപ്പുറപ്പെട്ട ഈ സന്ദർഭത്തിൽ വിഭാഗീയ ചിന്താഗതികൾക്കെതിരെ ഖാംനഇ പുറപ്പെടുവിച്ച ഫത്‌വ എന്തുകൊണ്ടും അഭിനന്ദനീയമാണെന്ന് ഇഖ്‌വാനുൽ മുസ്‌ലിമൂൻ മുഖ്യ കാര്യദർശി ഡോ. മുഹമ്മദ് ബദീഅ് പറഞ്ഞു. പ്രമുഖ മതപണ്ഡിതനും ശീഈ സമൂഹത്തിന്റെ ഉയർന്ന നേതാവുമായ ഖാംനഇയുടെ നിലപാട് മുസ്‌ലിം ഐക്യത്തിന് വഴിതുറക്കട്ടെ എന്ന് ഈജിപ്തിലെ അൽ അസ്ഹർ റെക്ടർ ഡോ. അഹ്മദ് ത്വയ്യിബ് പ്രത്യാശിച്ചു.

### മരണം

## ഡോ. മഹ്‌മൂദ് അഹ്‌മദ് ഗാസി

**പ്രമുഖ** പണ്ഡിതനും പാകിസ്താനിലെ മുൻ മതകാര്യ വകുപ്പ് മന്ത്രിയും ഇസ്‌ലാമാബാദിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി തലവനുമായ ഡോ. മഹ്‌മൂദ് അഹ്‌മദ് ഗാസി(60) അന്തരിച്ചു. ഇസ്‌ലാമാബാദിൽ കഴിഞ്ഞ സെപ്റ്റംബർ 26-നായിരുന്നു അന്ത്യം.



ഇസ്‌ലാമിക നിയമം, ഇസ്‌ലാമിക രാഷ്ട്രീയ ചിന്ത, സമ്പദ്ശാസ്ത്രം, ബോധനരീതികൾ എന്നീ വിഷയങ്ങളിൽ അറബിയിലും ഇംഗ്ലീഷിലും ഉർദുവിലുമായി മുപ്പതോളം ഗ്രന്ഥങ്ങൾ രചിച്ചു. ഇമാം മുഹമ്മദ്ശൈബാനിയുടെ 'അസ്സിയറുസ്സഗീർ' അദ്ദേഹം സംശോധനാ കുറിപ്പുകളോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അല്ലാമാ ഇഖ്ബാലിന്റെ കവിതകൾ അദ്ദേഹം അറബിയിലേക്ക് വിവർത്തനം ചെയ്തു-*യാ ഉമ്മശർഖ്* എന്ന പേരിൽ. ആഗോളവത്കരണം, ഇസ്‌ലാമും പടിഞ്ഞാറും, ഇസ്‌ലാമിക നിയമത്തിന്റെ തത്ത്വശാസ്ത്രം എന്നീ ശീർഷകങ്ങളിൽ അദ്ദേഹം അറബിയിൽ എഴുതിയ ഗ്രന്ഥങ്ങളും ശ്രദ്ധിക്കപ്പെട്ടു.

### ● വാർത്തയിലെ വ്യക്തി

## ഫ്രാൻസോ മിത്തറൻ

**മുൻ** ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസോ മിത്തറനെക്കുറിച്ച് പുതിയ പുസ്തകം. അൾജീരിയൻ സ്വാതന്ത്ര്യ സമരത്തെ ചോരയിൽ മുക്കിക്കൊല്ലുന്നതിൽ മിത്തറന്റെ പങ്ക് വെളിപ്പെടുത്തുന്ന പുസ്തകം തയാറാക്കിയത് 'ലോബ്‌വൻ' എന്ന ഫ്രഞ്ച് പത്രത്തിലെ ഫ്രാൻസോ മാലിയും അൾജീരിയൻ വംശജനായ ഫ്രഞ്ച് ചരിത്രകാരൻ ബൻജമിൻ സത്തൂറയുമാണ്. 400 യുദ്ധരേഖകൾ പരിശോധിച്ച ഇവർ, അൾജീരിയൻ പോരാളികൾക്ക് മാപ്പ് നൽകണമെന്ന 80 അപേക്ഷകളെങ്കിലും മിത്തറൻ തള്ളിയതായി വെളിപ്പെടുത്തുന്നു. ഫ്രഞ്ച് കൊളോണിയലിസത്തോടുള്ള മിത്തറന്റെ ആഭിമുഖ്യവും കൂറുമാണ് ഇത് വെളിപ്പെടുത്തുന്നത്. 45 അൾജീരിയക്കാരെ തൂക്കിലേറ്റാനും ഇദ്ദേഹം ഉത്തരവിട്ടിട്ടുണ്ട്. അൾജീരിയൻ സ്വാതന്ത്ര്യ സമരം നടക്കുമ്പോൾ ഫ്രഞ്ച് നീതിന്യായ മന്ത്രാലയത്തിന്റെ ചുമതലയായിരുന്നു മിത്തറന്.



## നജ്മുദ്ദീൻ അർബകാൻ

തുർക്കിയിലെ സആദ പാർട്ടിയുടെ അധ്യക്ഷനായി നജ്മുദ്ദീൻ അർബകാനെ തെരഞ്ഞെടുത്തു. സആദ പാർട്ടിയുടെ സ്ഥാപകനും മുൻ തുർക്കി പ്രധാനമന്ത്രിയുമാണ് അർബകാൻ. നിലവിലുള്ള അധ്യക്ഷൻ നുഅ്മാൻ കോർത്തോൽമുശ് രാജി വെച്ചതിനെ തുടർന്ന് വിളിച്ചുകൂട്ടിയ അടിയന്തര യോഗത്തിൽ വെച്ചായിരുന്നു തെരഞ്ഞെടുപ്പ്. മറ്റാരും മത്സര രംഗത്തുണ്ടായിരുന്നില്ല. 84 വയസ്സായെങ്കിലും പുതിയൊരധ്യായം രചിക്കാൻ തനിക്ക് കഴിയുമെന്ന പ്രതീക്ഷയിൽ തന്നെയാണ് അദ്ദേഹം.



1996-ൽ അർബകാൻ തുർക്കി പ്രധാനമന്ത്രിയായി ചുമതലയേറ്റുവെങ്കിലും അടുത്ത വർഷം തന്നെ പട്ടാളം അദ്ദേഹത്തെ അധികാരത്തിൽനിന്ന് പുറത്താക്കി. റഫാഹ് പാർട്ടി പിരിച്ചുവിടപ്പെട്ടു. അർബകാനും നാല് നേതാക്കൾക്കും രാഷ്ട്രീയ പ്രവർത്തനം വിലക്കി. പിന്നെ 'ഫദീല' പാർട്ടിക്ക് രൂപം നൽകി. 2001-ൽ അതിനും വിലക്ക് വീണു. പാർട്ടിക്കുള്ളിലുണ്ടായ ഭിന്നതയെ തുടർന്ന് രണ്ട് കക്ഷികൾ ജന്മം കൊള്ളുന്നതാണ് പിന്നീട് കണ്ടത്. അർബകാന്റെ നേതൃത്വത്തിൽ സആദ പാർട്ടിയും റജബ് ത്വയ്യിബ് ഉർദുഗാന്റെ നേതൃത്വത്തിൽ എ.കെ പാർട്ടിയും. എ.കെ പാർട്ടിയാണ് വൻ ഭൂരിപക്ഷത്തോടെ ഇപ്പോൾ തുർക്കി ഭരിക്കുന്നത്. ■